## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4817 — 21/10/2011 ൽ മറുപടിയ്ക്ക്

### ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു എം.പാലിശ്ശേരി : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| പൊതുശ്മശാനം നിർമ്മിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ? | പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ ശ്മശാന നിർമ്മാണം നിർബന്ധമായും ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. പൊതുശ്മശാനം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും പൊതു ശ്മശാനം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാകളക്ടർമാരോടും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നുണ്ട്. 2011-12 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക, ശ്മശാന നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന 50 ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ